**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3096** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കോട്ടൂളി-സിവിൽ സ്റ്റേഷൻ റോഡ് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 13.03.2024-ലെ സർക്കാർ ഉത്തരവ് GO(Ms) No. 17/2024/PWD പ്രകാരം കോഴിക്കോട് നഗരപാത വികസന പദ്ധതി ഘട്ടം 2-ന് 1312.679 കോടി രൂപയുടെ ഭരണാനുമതി തത്ത്വത്തിൽ ലഭ്യമായിട്ടുണ്ട്. (LA Cost - 720.39 crore, Construction cost - 592.28 crore) ക്ലസ്റ്റർ 2-ൽ ഉൾപ്പെട്ട റോഡാണ് കരിക്കാംകുളം-സിവിൽസ്റ്റേഷൻ-കോട്ടൂളി റോഡ് - 4.11 കി.മീ. ടി പദ്ധതിയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥന നൽകുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കുന്നതിനായി എഫ്.എം.ബി. Superimpose ചെയ്യുന്നതിന് കരാർ നൽകിയിട്ടുണ്ട്. ടി റോഡിന്റെ അർത്ഥന കാലതാമസം കൂടാതെ നൽകാനാണ് ശ്രമിക്കുന്നത്. |
| (ബി) | ഭൂമി ഏറ്റെടുക്കൽ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് ഏതെങ്കിലും സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് സാങ്കേതികപ്രശ്നങ്ങൾ നിലനിൽക്കുന്നില്ല. |
| (സി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ